(ഡി) റീജിയണൽ ടൗൺപ്ലാനറുടെ പരിഗണന ആവശ്യമുള്ള അപേക്ഷയിന്മേൽ റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പരമാവധി എത്ര കാലാവധി വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് പ്ലാൻ നൽകിക്കഴിഞ്ഞാൽ എത്ര ദിവസത്തിനുള്ളിലാണ് അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കേണ്ടത്;

(എഫ്) ഗവ. 941/എസ്.ഡബ്ല്യു.എസ്/99 നമ്പരായുള്ള അപേക്ഷ എന്നാണ് തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിൽ ലഭിച്ചതെന്നും ഇതിൻമേലുള്ള റിപ്പോർട്ട് റീജിയണൽ ടൗൺപ്ലാനർക്ക് നൽകിയതെന്നാണെന്നും വെളിപ്പെടുത്തുമോ;

(ജി) ഈ അപേക്ഷ കൈകാര്യം ചെയ്തതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏറ്റവും കുറഞ്ഞത് 15 ദിവസം.

(സി) അപേക്ഷയുടെ വിശദമായ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട തെറ്റുകൾ വ്യക്തമായി അപേക്ഷകനെ അറിയിക്കുന്നതും സ്ഥലത്തുപോയി നേരിട്ടു പരിശോധിക്കേണ്ട സംഗതിയിൽ അപേക്ഷയിൽ എന്തെങ്കിലും തെറ്റുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ അപേക്ഷകന് അതുടനെ മടക്കി നൽകുന്നതാണ്.

(ഡി) ഒരു മാസം.

(ഇ) പരമാവധി 7 ദിവസം.

(എഫ്) പ്രസ്തുത അപേക്ഷ 18.3.99 ന് തിരുവനന്തപുരം നഗരസഭയിൽ ലഭിക്കുകയും 30.6.99ന് റീജിയണൽ ടൗൺ പ്ലാനർക്ക് നൽകുകയും ചെയ്തു.

(ജി) ഉണ്ട്.

(എച്ച്) ഇക്കാര്യം പരിശോധിക്കുന്നതും കാലതാമസം ഉണ്ടായതിന് മതിയായ പങ്ക് ഏതെങ്കിലും ഉദ്യോഗസ്ഥന് ഉണ്ടെന്നു കാണുന്നപക്ഷം നടപടികൾ സ്വീകരിക്കുന്നതുമാണ്.

സാനിട്ടറി - കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം

102 (2158)ശ്രീമതി. എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1998-99 വർഷം സാനിട്ടറി - കക്കൂസ് നിർമ്മിക്കുന്നതിന് എത്ര രൂപ ധനസഹായമായി നൽകിയെന്ന് വകുപ്പ് തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകൾവഴി നൽകിയ സാനിട്ടറി കക്കൂസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾ നൽകിയ സാനിട്ടറി കക്കൂസുകളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99-ൽ 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 465 ലക്ഷം രൂപ സംസ്ഥാന വിഹിതമായി സാനിട്ടറി-കക്കൂസ് നിർമ്മിക്കുന്നതിനായി നൽകിയിട്ടുണ്ട്. വകുപ്പു തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(ബി) വിവിധ വകുപ്പുകൾവഴി നൽകിയ സാനിട്ടറി കക്കൂസുകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ തദ്ദേശഭരണവകുപ്പിൽ ലഭ്യമല്ല.

(സി) 1997-98-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിപ്രകാരം.

1,24,368 കക്കൂസുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. 1998-99-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾ 3169 സാനിട്ടേഷൻ പ്രോജക്ടുകൾ രൂപീകരിച്ച നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ സാനിട്ടറി കക്കൂസുകളുടെ എണ്ണം ലഭ്യമായിട്ടില്ല. (1998-99-ലെ പദ്ധതി അവലോകനം പൂർണ്ണമായിട്ടില്ല.)

മുനിസിപ്പാലിറ്റികളെ തരം തിരിക്കുന്നതിന് മാനദണ്ഡം

103 (2159) ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികൾ എത്ര; രണ്ടാം ഗ്രേഡ് മുനിസിപ്പാലിറ്റികൾ എത്ര; മൂന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികൾ എത്ര;

(ബി) മുനിസിപ്പാലിറ്റികൾ ഒന്ന്, രണ്ട്, മൂന്ന് ഗ്രേഡുകളായി തരം തിരിക്കുന്നതിനുള്ള മാനദണ്ഡം എന്ത്?

ഉത്തരം

(എ) സംസ്ഥാനത്ത് 14 ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളും 22 രണ്ടാം ഗ്രേഡ് മുനിസിപ്പാലിറ്റികളും 19 മൂന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളും നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ നഗരസഭകളുടെ ഗ്രേഡ് നിർണ്ണയിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം 6.4.93.ലെ ജി.ഒ.(എം.എസ്)78/93/തദ്വേ നമ്പർ ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് 70 ലക്ഷം രൂപയ്ക്ക് മേൽ വാർഷിക വരുമാനമുള്ള നഗരസഭകൾ ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റിയായും 40 ലക്ഷം രൂപയ്ക്കു മേൽ 70 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള നഗരസഭകൾ രണ്ടാം ഗ്രേഡ് മുനിസിപ്പാലിറ്റിയായും മേൽ വിഭാഗങ്ങളിൽപ്പെടാത്ത നഗരസഭകൾ മൂന്നാം ഗ്രേഡ് മുനിസിപ്പാലിറ്റിയായും നിർണ്ണയിക്കാവുന്നതാണ്. ഇതിനായി മുൻ സർക്കാരിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly